## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4090 16.12.2014-ൽ മറുപടിക്ക്

### സഹകരണ സംഘങ്ങൾ /ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജി. സുധാകരൻ:** | | **ശ്രീ. സി. എൻ. ബാലകൃഷ്ണൻ** (സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി) | |
| (എ) | കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ 2013-2014-ലെ കണക്ക പ്രകാരം എത്ര സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ലാഭത്തിൽ കൊണ്ടു വരാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ 2013-14 -ൽ ലഭ്യമായ കണക്ക് പ്രകാരം 709 എണ്ണം നഷ്ടത്തിലും 896 എണ്ണം ലാഭത്തിലും പ്രവർത്തിക്കുന്നു.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേകം പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകി പുനരുദ്ധരിച്ചു വരുന്നു. ഇതിനു പുറമേ സംസ്ഥാന സഹകരണ വികസന ബോർഡിന്റെ നിയന്ത്രണത്തിലുള്ള വികസന ക്ഷേമനിധി ഫണ്ടിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കിയും സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പുനരുദ്ധാരണ പ്രവർത്തനം നടത്തിവരുന്നു.<br><br>സംഘങ്ങളുടെ വായ്പാ കുടിശ്ശിക പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും എസ്റ്റാബ്ലിഷ്മെന്റ് & കണ്ടിൻജൻസി ചെലവ് നിയന്ത്രിക്കുകയും യഥാസമയം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുകയും കുടിശ്ശിക 10%-ൽ താഴെയാക്കി കുറച്ചുകൊണ്ടു വരികയും, തിരിച്ചടയ്ക്കാനുള്ള കഴിവ് കൂടി കണക്കിലെടുത്ത് വായ്പ നൽകുകകയും, ധനസഹായ ബാങ്കിന്റെ കൂടി സഹകരണത്തോടുകൂടി പ്രത്യേക പദ്ധതി അംഗീകരിച്ച് സോഫ്റ്റ് ലോൺ അടക്കമുള്ള സാമ്പത്തിക |

സഹായം ലഭ്യമാക്കുകയും ചെയ്യുന്നതോടുകൂടി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ നഷ്ട ത്തിൽ നിന്നു കരകയറ്റി പ്രവർത്തനം പുനരുദ്ധരിക്കു ന്നതിന് സാധിക്കുന്നതാണ്. സംഘം മാനേജ്മെന്റ് കാര്യക്ഷമമാക്കുകയും അഴിമതികളിൻമേൽ യഥാസ മയം നടപടി സ്വീകരിക്കുകയും അംഗങ്ങളുടെ വിശ്വാ സ്യത ആർജ്ജിക്കുകയും സഹകരണവകുപ്പ് ഇക്കാര്യ ത്തിൽ മുഖ്യ പങ്ക് വഹിക്കുകയും ചെയ്യുന്നതിലൂടെ സംഘം പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വരുന്നു.

സംസ്ഥാന പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ സർവ്വീസ് സഹകരണസംഘ ങ്ങൾക്ക് ധനസഹായം നൽകി പുനരുദ്ധരിക്കുന്ന തിനുള്ള പദ്ധതി നടപ്പിലാക്കിവരുന്ന സാഹചര്യ ത്തിൽ ധനസഹായങ്ങളുടെ (ഷെയർ, ലോൺ, സബ്സിഡി) വിനിയോഗം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പുനരുദ്ധാരണ പ്രവർത്തനം അവലോകനം നടത്തുന്നതിനുമായി സംസ്ഥാനതല ത്തിലും, ജില്ലാതലത്തിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സഹ കരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പാ എത്രയെന്ന് വ്യക്തമാക്കാമോ; ആകെ കാർഷിക വായ്പയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്ക് വർഷം തിരിച്ച് വ്യക്തമാ ക്കാമോ; കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്;

(ബി) ഓരോ വർഷവും പ്രാഥമിക കാർഷിക വികസന ബാങ്കുകൾ അടക്കമുള്ള സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | – | 2665.47 കോടി |
| 2012-13 | – | 2841.38 കോടി |
| 2013-14 | – | 3275.03 കോടി |

ആകെ കാർഷിക വായ്പയിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്ത കണക്ക് വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | – | 2395.60 കോടി |
| 2012-13 | – | 2588.75 കോടി |
| 2013-14 | – | 3060.75 കോടി |

ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% നിരക്കി

ലാണ് കാർഷിക വായ്പ നൽകുന്നത്. പ്രാഥമിക കാർഷിക വികസന ബാങ്കുകൾ മുഖേന നൽകുന്ന കാർഷിക വായ്പകൾക്ക് 13.25% നിരക്കിലാണ് നൽകുന്നത്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്രസർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്‌വെൻഷനോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നു.

നെൽകൃഷിയ്ക്ക് പരിധി കണക്കിലെടുക്കാതെ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശരഹിത വായ്പ അനുവദിക്കുന്നുണ്ട്. ദീർഘകാല വായ്പയ്ക്ക് ഇപ്പോൾ പലിശ സബ്സിഡി നൽകുന്നില്ല.

(സി) കാർഷിക വായ്പ തീരെ നൽകാത്ത കാർഷിക വായ്പ സഹകരണ സംഘങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(സി) കാർഷിക വായ്പ തീരെ നൽകാത്ത 32 സഹകരണ സംഘങ്ങൾ ഉണ്ട്.

കാർഷിക വായ്പാ സഹകരണസംഘങ്ങൾക്ക് പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം സഹകരണസംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. സ്വന്തം ജാമ്യത്തിലും വസ്തുക്കളുടെ ജാമ്യത്തിലും സ്വർണ്ണ ഉരുപ്പടികളുടെ ഈടിന്മേലും കാർഷിക വായ്പകൾ നൽകി വരുന്നുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളുടെ വിശദീകരണം തേടുകയും വീഴ്ച വരുത്തിയ സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുകയും ചെയ്യുന്ന കാര്യം ജോയിന്റ് രജിസ്ട്രാർ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും 2012-13 വർഷം എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ ഒരു വർഷത്തെ പലിശയിളവ് അനുവദിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു ; | (ഡി) യും (ഇ) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് ഹെക്ടറിൽ കുറവ് കൃഷിഭൂമിയുള്ള ചെറുകിട കർഷകർക്കും 2012-13 വർഷം സഹകരണസംഘങ്ങൾ/ബാങ്കുകൾ നെല്ല്, പച്ചക്കറി, കുരുമുളക്, വാഴ, മത്സ്യകൃഷി എന്നിവയ്ക്ക് നൽകിയ മൂന്ന് ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകളിൽ വായ്പാതുകയിൽ നിലനിൽക്കുന്ന മുതൽ തുക അതുവരെയുള്ള പലിശ സഹിതം തിരിച്ചടയ്ക്കേണ്ട തീയതി മുതൽ ഒരു വർഷത്തിനകം ഒന്നായി തിരിച്ചടയ്ക്കുകയാണെങ്കിൽ, തിരിച്ച് അടയ്ക്കേണ്ടിയിരുന്ന തീയതി മുതൽ, മുതൽ തുക തിരിച്ച് അടച്ച തീയതി വരെ പലിശ ഇളവ് അനുവദിച്ചു കൊണ്ട് 22/11/2013-ലെ 739/2013/സഹ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനനുസൃതമായി സഹകരണ സംഘം രജിസ്ട്രാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് നൽകുകയും, സഹകരണ വകുപ്പിന്റെ ഔദ്യോഗിക മാസികയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ജില്ല/താലൂക്ക് തലത്തിൽ നടന്ന പ്രാഥമിക വായ്പാ സഹകരണസംഘം സെക്രട്ടറിമാരുടെ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഇതിന്റെ അടിസ്ഥാനത്തിൽ 22.11.2013 ലെ സ.ഉ (സാധാ) നം: 739/2013/സഹ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉത്തരവ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | |
| (എഫ്) സർക്കാർ പ്രഖ്യാപിച്ച പലിശയിളവ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ കർഷകർക്ക് നൽകാത്തതും പിഴ പലിശയടക്കം വായ്പ അടയ്ക്കാൻ വായ്പക്കാർക്ക് നോട്ടീസ് അയയ്ക്കുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) 2012-13 വർഷത്തിൽ അനുവദിച്ച വായ്പകളുടെ തിരിച്ചടവ് കാലാവധി 2013-14 വരെ ആണെങ്കിലും ടി സർക്കാർ ഉത്തരവ് പ്രകാരം തുക തിരിച്ചടയ്ക്കുന്ന കാലാവധി 3/2015 വരെയാണ്. ടി കാലാവധി പൂർത്തിയായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നടപടികൾ സംഘങ്ങൾ സ്വീകരിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ജി) സർക്കാർ തീരുമാനം അനുസരിച്ച് കാർഷിക വായ്പക്കാർ 2012-2013 വർഷം എടുത്തിട്ടുള്ള കാർഷിക വായ്പ കൾക്ക് പലിശയിളവ് അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ജി) 22/11/2013–ലെ സ.ഉ. (സാധാ)നം.739/2013/സഹ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**